**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5607 — 24.05.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ പുരോഗതി ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന ആർദ്രം ദൗത്യത്തിൽ ദന്ത ചികിത്സാ വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; | (എ) | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | റൂട്ട് കനാൽ പോലുള്ള ചികിത്സയ്ക്ക് മിക്ക താലൂക്ക് ആശുപത്രികളിലും ഉപകരണങ്ങൾ ഇല്ലാത്തതിനാൽ അതിനായി മെഡിക്കൽ കോളേജുകളിലെ ദന്തൽ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നുവെന്നത് വസ്തുതയാണോ; | (ബി) | റൂട്ട് കനാൽ ട്രീറ്റ്മെന്റ് പോലുള്ള ചികിത്സയ്ക്ക് മിക്ക താലൂക്ക് ആശുപത്രികളിലും ജില്ല ആശുപത്രികളിലും ജനറൽ ഹോസ്പിറ്റലുകളിലും ആവശ്യത്തിനുള്ള ഉപകരണങ്ങളുണ്ട്. മിക്കവാറും എല്ലാ പല്ലുകളുടെയും പ്രത്യേകിച്ച് മുൻനിര പല്ലുകളുടെ റൂട്ട് കനാൽ ചികിത്സ മേൽപ്പറഞ്ഞ ആശുപത്രികളിൽ ചെയ്തുവരുന്നു. എന്നാൽ കോംപ്ലിക്കേറ്റഡ്(വളരെ ബുദ്ധിമുട്ടുള്ള) പല്ലുകളുടെ പ്രധാനമായും അണപ്പല്ലുകളുടെ (MOLAR TEETH) റൂട്ട് കനാൽ ചികിത്സയ്ക്ക് ഡെന്റൽ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ആവശ്യമാണ്. |
| (സി) | എങ്കിൽ താലൂക്ക് ആശുപത്രികളിൽ ആധുനിക ദന്ത ചികിത്സക്ക് ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കിയും, ആവശ്യമുള്ള | (സി) | 2017-18 സാമ്പത്തിക വർഷത്തിൽ ഡെന്റൽ പ്ലാൻ ഫണ്ടിൽ സംസ്ഥാനത്ത് 500 ലക്ഷം രൂപ (5 കോടി രൂപ) ദന്തചികിത്സയ്ക്ക് |

| | | |
|---|---|---|
| | ഡോക്ടർമാരുടെയും, പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് പാവപ്പെട്ട രോഗികൾക്ക് ദന്ത ചികിത്സാ സൗകര്യം ഉറപ്പാക്കുമോ? | ആവശ്യമായ ഉപകരണങ്ങളുടെയും മെറ്റീരിയലുകളുടെയും പുതിയ ഡെന്റൽ യൂണിറ്റുകൾ സെറ്റ് ചെയ്യുന്നതിനുമായി ഔട്ട് ലേ (OUT LAY) വകയിരുത്തിയിട്ടുണ്ട്. ഇത് ആധുനിക ദന്ത ചികിത്സയ്ക്ക് പ്രയോജനം ചെയ്യുന്ന സ്പെഷ്യാലിറ്റി ഉപകരണങ്ങളും മെറ്റീരിയലുകളും കരസ്ഥമാക്കുന്നതിനും കൂടി ഉദ്ദേശിച്ചുള്ളതാകുന്നു. ആവശ്യമുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തിക സൃഷ്ടിച്ച് രോഗികൾക്ക് ദന്തചികിത്സാ സൗകര്യം കൂടുതൽ ഉറപ്പാക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ